DESPATCHED
On.. 17/02/2020

22/01/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.383(6)/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.4671/SIC-Gen5/2018**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. സുനിൽ സി.,
ചേവൻകുന്നത്ത് വീട്,
പി.ഒ. ഉള്ളണം നോർത്ത്,
പരപ്പനങ്ങാടി, മലപ്പുറം. } പരാതി ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ക്ഷീര വികസന വകുപ്പ്,
തിരൂരങ്ങാടി ബ്ലോക്ക്,
പരപ്പനങ്ങാടി, മലപ്പുറം.

2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഉള്ളണം ക്ഷീരോത്പാദക സഹകരണ സംഘം,
ഉള്ളണം നോർത്ത് പി.ഒ., പിൻ – 676 303. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09/03/2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 25/03/2018 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 30/04/2018 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 05/05/2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 14/01/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | – |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 22/01/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. സുനിൽ സി., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് എതിർകക്ഷി ഓഫീസിൽ ഹാജരായി ഫയൽ പരിശോധിക്കുവാൻ നിർദ്ദേശിച്ച പ്രകാരം ഹർജിക്കാരന് വിദ്യാഭ്യാസം കുറവായതിനാൽ മറ്റൊരു സഹായിയെ കൊണ്ടു പോയിരുന്നു എന്നും എന്നാൽ മേൽപ്പടി സഹായിയുടെ സഹായത്തോടെ ഫയലുകൾ പരിശോധിക്കുന്നതിന് അനുവാദം നൽകിയില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. ഉള്ളണം ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ 2007 മുതൽ 2017 വരെയുള്ള ആഡിറ്റ് റിപ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നും

(എ) മേൽപ്പടി കാലയളവിൽ ആഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ പരിഹാര റിപ്പോർട്ടിന്റെ പകർപ്പ് നൽകണമെന്നും
(ബി) 2018 മാർച്ച് 8 വരെയുള്ള വരവുചെലവ് കണക്കുകൾ നൽകണമെന്നും

ii. മേൽപ്പടി ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ അക്കൗണ്ട് ഏതൊക്കെ ബാങ്കിലാണുള്ളത് എന്നും
(എ) ഓരോ ബാങ്കിന്റെ പേരും, ബ്രാഞ്ചും, മേൽവിലാസവും നൽകണമെന്നും
(ബി) അവയിൽ 2017 മുതൽ 2018 മാർച്ച് 8 വരെയുള്ള ഓരോ വർഷത്തെയും ബാങ്ക് ബാലൻസിന്റെ പകർപ്പ് നൽകണമെന്നും മറ്റുമായി 12 പ്രധാന ഇനങ്ങളിലും ഉപയിനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഉള്ളണം ക്ഷീര സംഘത്തിലെ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് ശേഖരിക്കാവുന്നതാണെന്നു സംഘം സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നാണ്.

3. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി ഓഫീസിൽ ലഭ്യമായിരുന്നില്ല എന്നും മേൽപ്പടി വിവരങ്ങൾ ഉള്ളണം ക്ഷീരോത്പാദക സഹകരണ സംഘത്തിലാണ് ലഭ്യമായിരുന്നതെന്നും കാണുന്നു. ആയതിനാലാണ് ഹർജിക്കാരനോട് ബന്ധപ്പെട്ട സംഘത്തിൽ നിന്നും നേരിൽ ഹാജരായി വിവരം ശേഖരിക്കാവുന്നതാണെന്ന് എതിർകക്ഷി അറിയിച്ചത്. മേൽപ്പടി സംഘം വിവരാവകാശ നിയമപ്രകാരമുള്ള പൊതു അധികാരി അല്ല. മേൽപ്പടി സംഘം സഹകരണ നിയമപ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. ആയത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനമല്ല എന്നു ബഹു. സുപ്രീം കോടതിയുടെ സി.എ.നം. 9017/13-ലെ വിധി പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്. കമ്മീഷൻ മുമ്പാകെ ഹാജരായ എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരന് ഒരു സഹായിയെ കൂടെ കൂട്ടി രേഖകൾ പരിശോധിക്കുന്നതിന് അവസരം നൽകണമെന്ന് ബന്ധപ്പെട്ട സംഘം സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ്.

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 22-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION